# 7

# വിദ്യാഭ്യാസവ്യവസ്ഥയുടെ പുനഃസംഘാടനം

സംസ്ഥാന രൂപീകരണത്തിനു മുമ്പുതന്നെ സാമാന്യം വിപുലമായ ഒരു വിദ്യാലയ ശൃംഖല കേരളത്തിന് ഉണ്ടായിരുന്നു. നാട്ടുരാജാക്കന്മാരുടെ ഭാവനാപൂർണമായ ഇടപെടൽ, മിഷനറിമാരുടെ പ്രവർത്തനങ്ങൾ, സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങളുടെ സംഭാവനകൾ എന്നിവയെല്ലാം ഇവിടെ വിദ്യാഭ്യാസ വ്യാപനത്തിന് സഹായകമായിട്ടുണ്ട്. ദേശീയ സ്വാതന്ത്ര്യ സമരം, കർഷകപ്രസ്ഥാനം, ട്രേഡ്‌യൂണിയൻ സംഘടനകൾ തുടങ്ങിയവയെല്ലാം വിദ്യാഭ്യാസാവബോധം ജനങ്ങളിൽ ജ്വലിപ്പിച്ചുനിർത്തുന്നതിൽ നിർണായക പങ്ക് വഹിച്ചു. ഇത്തരമൊരു പശ്ചാത്തലത്തിലാണ് 1957-ൽ കേരളത്തിലെ ആദ്യത്തെ ജനാധിപത്യ ഗവൺമെന്റ് വിദ്യാഭ്യാസ ബില്ല് കൊണ്ടുവന്നത്. പുതിയ വിദ്യാഭ്യാസ നിയമം വിദ്യാഭ്യാസ വ്യാപനത്തിന് ആക്കം കൂട്ടി. സർക്കാർ, എയിഡഡ് മേഖലകളിലായിരുന്നു വിദ്യാലയങ്ങൾ പുഷ്ടിപ്പെട്ടുവന്നത്. എന്നാൽ സമീപകാലത്ത് പൊതുവിദ്യാലയങ്ങൾക്കു ഭീഷണിയാകും വിധം അംഗീകൃതവും അനംഗീകൃതവുമായ ധാരാളം സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെ രൂപപ്പെട്ട സമാന്തര വിദ്യാഭ്യാസ ശൃംഖല സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടിനെത്തന്നെ നിരാകരിക്കുന്നു.

സംസ്ഥാന രൂപീകരണത്തിനു മുമ്പ് 6699 എൽ.പി. സ്കൂളുകളും 1589 യു.പി. സ്കൂളുകളും 762 ഹൈസ്കൂളുകളും ഇവിടെ ഉണ്ടായിരുന്നു. 6805 എൽ.പി. സ്കൂളുകളും 3061 യു.പി. സ്കൂളുകളും 2744 ഹൈസ്കൂളുകളും അംഗീകാരത്തോടെ പ്രവർത്തിക്കുന്നു. ഇതു കൂടാതെ ടെക്നിക്കൽ ഹൈസ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, നവോദയാ സ്കൂളുകൾ, C.B.S.E., ICSE സിലബസ് നടപ്പാക്കുന്ന സ്കൂളുകൾ, സ്പോർട്സ് സ്കൂളുകൾ, ജീവിത വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള വിദ്യാലയങ്ങൾ എന്നിങ്ങനെയുള്ള വിവിധ

*സമൂഹത്തിന്റെ എല്ലാ മേഖലകളിലും നടക്കുന്ന ആഗോളവൽക്കരണത്തിനും വിപണി ബന്ധങ്ങളുടെ വ്യാപനത്തിനും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഗണ്യമായ പ്രാധാന്യമുണ്ട്. ഒരു വശത്ത് വിദ്യാഭ്യാസം വർധമാനമായ തോതിൽ കച്ചവടവൽക്കരിക്കപ്പെടുന്നു. മറുവശത്ത് ഗവൺമെന്റ് ഫണ്ടിന്റെ അപര്യാപ്തതയും ബദൽ സ്കൂളുകൾക്ക് നൽകുന്ന പ്രോത്സാഹനവും വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയാനും അതിനെ കുടുംബങ്ങളിലേയ്ക്കും പ്രാദേശിക സമൂഹങ്ങളിലേയ്ക്കും മാറ്റാനുമുള്ള ഗവൺമെന്റ് നയത്തെ വ്യക്തമാക്കുന്നു. സ്കൂളുകളെ കച്ചവടവൽക്കരിക്കാനും, വിപണിയുടെ സങ്കൽപ്പങ്ങൾ ഉപയോഗിച്ച് അവയുടെ ഗുണനിലവാരം വിലയിരുത്താനുമുള്ള ശ്രമത്തിനെതിരായി ജാഗ്രത പുലർത്തണം. സ്കൂളുകളിൽ മത്സരത്തിന്റേതായ ഒരന്തരീക്ഷം ശക്തിപ്പെട്ടുവരുന്നു. ഇത് കുട്ടികളുടെ മനസ്സിൽ, കൊച്ചു കുട്ടികളുടെ പോലും മനസ്സിൽ, ഭീദിതമായ സംഘർഷവും ഉത്ക്കണ്ഠയും സൃഷ്ടിക്കുന്നു. അവരുടെ വ്യക്തിത്വ വികാസത്തെ വിഫലമാക്കുന്നു. പഠനത്തിലെ ആനന്ദം നശിപ്പിക്കുന്നു.*

*73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളും, തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിൽ ഭാഗമാകാൻ തദ്ദേശ സമൂഹങ്ങൾക്ക് അവസ്സരം നൽകുന്ന നിയമബദ്ധ സംവിധാനങ്ങളും ഇത്തരുണത്തിൽ പ്രധാനമാണ്. സ്ഥിരമായ ദാരിദ്ര്യവും അസമമായ സാമൂഹ്യ ബന്ധങ്ങളും തുല്യഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ വിഭവം നീക്കിവയ്ക്കാനും ഒക്കെക്കൂടി വിദ്യാഭ്യാസത്തെക്കുറിച്ചുള്ള മാതാപിതാക്കളുടെ അഭിലാഷങ്ങൾ മനക്കോട്ടകളാക്കിത്തീർക്കുന്നു. നഗരത്തിലെ ദരിദ്ര ജനസംഖ്യാ സ്ഫോടനം ഇപ്പോഴും ആസൂത്രണത്തിൽ പ്രതിഫലിക്കപ്പെടുന്നില്ല. വിദ്യാഭ്യാസത്തിനുള്ള ദരിദ്രരുടെ അഭിലാഷങ്ങളും പ്രതീക്ഷകളും കരിക്കുലം ചട്ടക്കൂടിനു പുറമേയുള്ള കാര്യങ്ങളാണെന്നു പറഞ്ഞ് മാറ്റി വയ്ക്കാനാകില്ല.*

***NCF - 2005***

തരം വിദ്യാലയങ്ങളുമുണ്ട്. പുതുതായി രൂപംകൊണ്ട വൊക്കേഷണൽ ഹയർ സെക്കൻഡറി, ഹയർ സെക്കൻഡറി സ്കൂളുകളും കൂടി ഇവിടെ പരിഗണിക്കേണ്ടതുണ്ട്.

സാർവത്രിക വിദ്യാഭ്യാസം യാഥാർഥ്യമാക്കിയ കേരളത്തിൽ സ്കൂളുകളുടെ ഗണത്തിലുണ്ടായ വർധന ഗുണത്തിൽ പ്രതിഫലിക്കുന്നില്ല എന്നത് ഏറെ ആശങ്ക ഉളവാക്കുന്നതാണ്. 1980 കൾ മുതൽ ഈ വിഷയം വ്യാപകമായി ചർച്ചചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ഗണ്യമായ മാറ്റം ഉണ്ടായിട്ടില്ല. 1986 ലെ ദേശീയ വിദ്യാഭ്യാസനയം സാർവത്രിക സ്കൂൾ പ്രവേശനം, കൊഴിഞ്ഞുപോകൽ തടയൽ എന്നിവയോടൊപ്പം സാർവത്രിക ഗുണനിലവാരവും ലക്ഷ്യമിട്ടു. ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി അധ്യാപകർക്കുള്ള മാസ്സീവ് ഓറിയന്റേഷൻ പ്രോഗ്രാം, സ്പെഷ്യൽ ഓറിയന്റേഷൻ ഫോർ പ്രൈമറി ടീച്ചേഴ്സ്, എസ്.സി.ഇ.ആർ.ടി. രൂപീകരണം, ജില്ലകളിൽ ഡയറ്റുകൾ സ്ഥാപിക്കൽ, സി.റ്റി.ഇ., ഐ.എ.എസ്.സി. എന്നിവ ആരംഭിക്കൽ എന്നിങ്ങനെ വൈവിധ്യമാർന്ന പദ്ധതികൾ കേരളത്തിലും നടപ്പിലാക്കിയിട്ടുണ്ട്. എം.എൽ.എൽ., ആറ് ജില്ലകളിൽ നടപ്പിലാക്കിയ ഡി.പി.ഇ.പി. ഇതേ കാലഘട്ടത്തിലാരംഭിച്ച പാഠ്യപദ്ധതി പരിഷ്കരണ സംരംഭങ്ങൾ ഇവയെല്ലാം നടപ്പാക്കിയെങ്കിലും അതിനനുസൃതമായ ഘടനാപരമായ പരിഷ്കാരങ്ങൾ ഉണ്ടായില്ല ഇത് ഗുണനിലവാര പ്രശ്നം പരിഹരിക്കപ്പെടാതെ നിലനിർത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്.

## ഗുണനിലവാരം

വിദ്യാർഥികളുടെ പഠനനേട്ടത്തിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ ഗുണനിലവാരം നിർണയിക്കപ്പെടുന്നത്. എന്നാൽ വിദ്യാലയത്തിന്റെ ഗുണനിലവാരം നിർണയിക്കുന്നതിൽ സമൂഹത്തിന്റെ പങ്കാളിത്തം, വിദ്യാഭ്യാസ കാഴ്ച്ചപ്പാട്, പഠന സാമഗ്രികളുടെ ലഭ്യതയും വിനിയോഗവും, ശിശുസൗഹൃദ അന്തരീക്ഷം, അധ്യാപകരുടെ തയാറെടുപ്പ്, പ്രോത്സാഹന സംവിധാനങ്ങളെ ഉപയോഗപ്പെടുത്തൽ, നിരന്തരമായ വിലയിരുത്തലും മെച്ചപ്പെടുത്തലും എന്നിവ കൂടി പരിഗണിക്കേണ്ടതാണ്. അതത് തലങ്ങളിൽ വിവിധ ഏജൻസികളുടെ സംയോജിച്ചുള്ള പ്രവർത്തനം വഴി മാത്രമേ ഗുണനിലവാരം ഉറപ്പാക്കാൻ കഴിയൂ.

## അയൽപക്കവിദ്യാലയം

ഒരു പ്രദേശത്തെ വിദ്യാർഥികൾ ഒരുമിച്ച് സമീപസ്ഥ വിദ്യാലയങ്ങളിൽ പഠിക്കുകയും വിദ്യാലയത്തിനു ചുറ്റുമുളള സമൂഹം സ്ഥാപനത്തിന്റെ അഭ്യുന്നതിക്കു വേണ്ടി കൂട്ടായി പ്രവർത്തിക്കുകയും ചെയ്യുന്ന അയൽപക്ക വിദ്യാലയങ്ങൾ എന്ന കാഴ്ച്ചപ്പാട് വളർന്നുവരണം. തന്നെയും താനുൾപ്പെടുന്ന സമൂഹത്തെയുംകുറിച്ച് തിരിച്ചറിവുണ്ടാകുന്നതിന് വഴിയൊരുക്കുന്ന പാഠ്യപദ്ധതിയിൽ അയൽപക്ക വിദ്യാലയങ്ങൾ വളരെ പ്രസക്തമാണ്. നടന്നെത്താവുന്ന ദൂരത്തിലുള്ള വിദ്യാലയത്തിൽ പഠിക്കുക എന്നത് പഠനത്തെ ക്ലേശരഹിതമായ പ്രവർത്തനമാക്കി മാറ്റും. അയൽപക്ക സ്കൂളുകളിൽ എത്തിച്ചേരുന്നതിന് ആവശ്യമെങ്കിൽ സൗജന്യമായ യാത്രാ സൗകര്യം ഒരുക്കണം. വിദ്യാർഥികളെ വലയിട്ടുപിടിക്കുന്ന ഏജൻസികളെ നിയന്ത്രിക്കുകയും ഒരു വിദ്യാലയത്തിൽ ചേർക്കാൻ കഴിയുന്ന കുട്ടികളുടെ പരമാവധി എണ്ണം നിജപ്പെടുത്തുകയും വിദ്യാലയങ്ങൾക്ക് പ്രവർത്തനമേഖലാ പരിധി നിർണയിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകേണ്ടിയിരിക്കുന്നു. സെക്കൻഡറി സ്കൂളിൽ നിന്ന് പ്രൈമറി വിഭാഗത്തെ അടർത്തിമാറ്റണം.

## ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ നേരിടുന്ന കുട്ടികൾ

ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സമൂഹത്തിന്റെ പൊതുധാരയിലേക്ക് വരാൻ കഴിയത്തക്കവിധം Inclusive Education തന്നെയാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. എന്നാൽ ഗുരുതരമായ വൈകല്യമുള്ളവർക്ക് സ്പെഷൽ സ്കൂളുകളിൽ ചേർന്നു പഠിക്കാൻ കൂടുതൽ സൗകര്യം ഒരുക്കണം. ഈ രംഗത്ത് SCERT, S.S.A. വിദ്യാഭ്യാസ വകുപ്പ് ഇവ സമാന്തരമായി പ്രവർത്തിക്കുന്ന സ്ഥിതി ഒഴിവാക്കണം.

## പഠനമാധ്യമം

ഏതൊരാൾക്കും അനായാസമായ ആശയസ്വീകരണത്തിനും വിനിമയത്തിനും മാതൃഭാഷയാണ് ഫലപ്രദം. ഈ കാഴ്ചപ്പാടോടെയാണ് 1986 ലെ ദേശീയ വിദ്യാഭ്യാസ നയം പ്രൈമറി ഘട്ടം വരെ പ്രാദേശിക ഭാഷയോ മാതൃഭാഷയോ മാത്രമേ പഠനമാധ്യമമായി സ്വീകരിക്കാവൂ എന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നത്. എന്നാൽ നയപ്രഖ്യാപനങ്ങൾ വെറും ജലരേഖകളായി പരിണമിക്കുന്നു. അനിവാര്യമായ സാഹചര്യങ്ങളിലൊഴിച്ച് അന്യഭാഷാ മാധ്യമം പ്രോത്സാഹിപ്പിക്കുന്നത് ശരിയല്ല. ആംഗലഭാഷയും ഹിന്ദിയും മറ്റും ഇന്നത്തേക്കാൾ നന്നായി പഠിപ്പിക്കുന്നുവെന്നും പഠിക്കുന്നുവെന്നും ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. പഠനമാധ്യമത്തെ സംബന്ധിച്ച ധാരണാവൈകല്യം തിരുത്തുന്നതിന് നടപടികൾ ഉണ്ടാകണം. ഹയർസെക്കൻഡറിതലം വരെ പഠനമാധ്യമം കുട്ടിയുടെ ജ്ഞാനാർജനത്തെ ശക്തിപ്പെടുത്താൻ സഹായകമായ രീതിയിൽ വഴക്കമുള്ളതാക്കണം.

## സ്കൂൾപ്രവേശനം

സ്കൂൾ പ്രവേശനം സംബന്ധിച്ചും പഠനസമയം സംബന്ധിച്ചും വിവിധ വിഭാഗം ജനങ്ങളിൽ നിന്ന് അഭിപ്രായം ആരായുകയുണ്ടായി. സ്കൂൾ പ്രവേശനത്തിന്റെ പ്രായം അഞ്ച് വയസ്സ് എന്നതിനോടാണ് പൊതുവിൽ ആഭിമുഖ്യം. കേരള സാഹചര്യത്തിൽ ഈ നില തുടരുകയാണ് അഭികാമ്യം.

## പഠനസമയം

പ്രാദേശികമായ സാധ്യതകൾ കണക്കിലെടുത്താണ് സ്കൂൾസമയം ക്രമീകരിക്കേണ്ടത്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത് നിശ്ചയിക്കേണ്ടതാണ്. സ്കൂൾ പഠനസമയം രാവിലെ 8-ന് ആരംഭിക്കുന്നതാണ് ഉചിതം. രാവിലെയുള്ള സമയം പഠനത്തിന് ഏറ്റവും അനുയോജ്യമാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. പാഠ്യപദ്ധതി വിനിമയസമയം 5 മണിക്കൂറും ബാക്കി സമയം തുടർപഠനത്തിനുമായി ക്രമീകരിക്കാൻ ഇത് സൗകര്യപ്രദമാണ്. ഉച്ചയ്ക്കുശേഷമുള്ള സമയം തുടർ പഠന പ്രവർത്തനങ്ങൾക്കും, കലാപ്രവൃത്തി പരിചയ പഠനത്തിനുമായി വിനിയോഗിക്കാം. നിലവിലുള്ള 45 മിനിറ്റ് പീരിയഡിനു പകരം 1 മണിക്കൂറായി പുനഃക്രമീകരിക്കുകയും വേണം.

## ആകർഷകമായ പൊതുവിദ്യാലയങ്ങൾ

പൊതുവിദ്യാലയങ്ങളെ കൂടുതൽ ആകർഷകമാക്കിയാൽ മാത്രമേ ആധുനിക സമൂഹത്തിൽ അവയ്ക്ക് പിടിച്ചുനിൽക്കാനാവൂ. പ്രാദേശിക ഗവൺമെന്റുകളുടെയും പ്രദേശത്തെ ജനവിഭാഗങ്ങളുടെയും പിന്തുണയോടെ, ആകർഷകവും, പുതിയ പാഠ്യപദ്ധതി വിനിമയത്തിന് പര്യാപ്തവുമായ വിധത്തിൽ പൊതുവിദ്യാലയങ്ങൾ മാറേണ്ടതുണ്ട്. സ്വകാര്യ മാനേജ്മെന്റുകളുടെ മേലും ഇക്കാര്യത്തിൽ ജനകീയസമ്മർദം ഉണ്ടാവണം. പ്രൈമറി സ്കൂളു

കളിൽ ക്ലാസ് ലൈബ്രറി, ലബോറട്ടറി ഇവ വേണം. ഹൈസ്കൂൾ, ഹയർസെക്കൻഡറി എന്നിവിടങ്ങളിൽ സ്കൂൾ ലൈബ്രറി, ലാബ് എന്നിവയും ആധുനികസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്താനുള്ള സൗകര്യങ്ങളും ലഭ്യമാക്കണം.

## വികേന്ദ്രീകൃതാസൂത്രണവും വിദ്യാഭ്യാസവും

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് വികേന്ദ്രീകരണത്തെ വളരെ ഗൗരവത്തോടെയാണ് കാണുന്നത്. കേരളമൊഴിച്ചുള്ള സംസ്ഥാനങ്ങളിൽ വികേന്ദ്രീകരണം കടലാസിൽ മാത്രമാണെന്ന നിരീക്ഷണവുമുണ്ട്. എന്നാൽ ഇവിടെയും വികേന്ദ്രീകരണത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുള്ള പ്രവർത്തനം വേണ്ടത്ര ഉണ്ടായിട്ടില്ല. വിദ്യാഭ്യാസവകുപ്പും പ്രാദേശിക ഗവൺമെന്റുകളുമായുള്ള അനുരഞ്ജനം ഉണ്ടാകേണ്ടതുണ്ട്. എസ്.എസ്.എ. പോലെയുള്ള സംവിധാനങ്ങളും തദ്ദേശ ഭരണവും വിദ്യാഭ്യാസവകുപ്പും ഏകോപിപ്പിക്കുന്നതിനുള്ള ശ്രമം നടക്കണം. ഒറ്റപ്പെട്ട ചില വികസനമാതൃകകൾ പ്രാദേശിക ഗവൺമെന്റുകളുടെ മുൻകൈയിൽ ഉണ്ടായിട്ടുള്ളത് പഠനവിധേയമാക്കണം. നിലവിലുള്ള ഉദ്യോഗസ്ഥസംവിധാനം അഴിച്ചുപണിഞ്ഞ് പ്രാദേശിക ഗവൺമെന്റുകളോട് ബന്ധിപ്പിക്കണം. മാറുന്ന പാഠ്യപദ്ധതിക്കനുസരിച്ചുള്ള ഉദ്യോഗസ്ഥ സംവിധാനത്തിന്റെ ഒരു രൂപരേഖ താഴെ കൊടുക്കുന്നു.






## വിദ്യാഭ്യാസനിയമം

കേരള വിദ്യാഭ്യാസനിയമം രൂപംകൊണ്ടിട്ട് അമ്പതു വർഷമാകുന്നു. ക്ലാസ്സ്മുറിയുടെ ഘടന, ഉദ്യോഗസ്ഥ സംവിധാനം, അധ്യാപക നിയമനം, പരീക്ഷാ നടത്തിപ്പ്, അധ്യാപക വിദ്യാർഥി അനുപാതം തുടങ്ങിയവ പുതിയ പാഠ്യപദ്ധതിക്കനുഗുണമാകണം. അധ്യാപക വിദ്യാർഥി അനുപാതം പ്രൈമറിയിൽ 1 : 25, സെക്കൻഡറി 1 : 30, ഹയർസെക്കൻഡറിയിൽ 1 : 40 എന്ന് നിജപ്പെടുത്തണം. അധ്യാപകരുടെ യോഗ്യത, നിയമനരീതി ഇവയൊക്കെ കാലോചിതമായ മാറ്റത്തിന് വിധേയമാക്കണം.

- പ്രി-പ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസു വരെ സമഗ്രമായി കാണുന്ന പാഠ്യപദ്ധതിയും അതിനു സഹായകമായ ഭരണസംവിധാനവും വിഭാവനം ചെയ്യേണ്ടതുണ്ട്.

  പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ വേണ്ടി അഡീഷണൽ ഡയറക്ടർമാരുണ്ടാകണം. (പ്രൈമറി & പ്രീ-പ്രൈമറി, സെക്കൻഡറി (8-12), പരീക്ഷ)

- ജില്ലാതലത്തിലെ വിദ്യാഭ്യാസ ഡയറക്ടർ. ജില്ലയിലെ പ്രീ-പ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള വിദ്യാഭ്യാസത്തിനു നേതൃത്വം നൽകണം. ജില്ലാ ആസൂത്രണസമിതിയുടെ വിദ്യാഭ്യാസ കൺവീനർ കൂടിയായിരിക്കും ജില്ലാവിദ്യാഭ്യാസ ഡയറക്ടർ.

- തദ്ദേശഭരണ സംവിധാനങ്ങളുടെ പൊതുഘടനയ്ക്ക് അനുപൂരകമായി വിദ്യാഭ്യാസ സംവിധാനങ്ങൾ പുനഃക്രമീകരിക്കണം. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയ്ക്ക് പ്രത്യേക ഉദ്യോഗസ്ഥർ ഉണ്ടാകണം. ഇവർ പന്ത്രണ്ടാം ക്ലാസുവരെയുള്ള വിദ്യാഭ്യാസത്തിന്റെ നേതൃത്വം വഹിക്കുകയും കോർപ്പറേഷൻ, മുനിസിപ്പൽ സമിതിയുടെ വിദ്യാഭ്യാസ കൺവീനർമാരായി പ്രവർത്തിക്കുകയും വേണം. പ്രവർത്തന സൗകര്യത്തിനായി ബ്ലോക്ക് വിദ്യാഭ്യാസ ഓഫീസർമാർ ബ്ലോക്ക് പരിധിയിലുള്ള എല്ലാ വിദ്യാലയങ്ങളുടെയും മേൽനോട്ടച്ചുമതല വഹിക്കണം.

- ഗ്രാമപഞ്ചായത്ത്തലത്തിൽ വിദ്യാഭ്യാസ ഓഫീസർമാർ ഉണ്ടാകണം. പഞ്ചായത്ത് വിദ്യാഭ്യാസ സമിതി കൺവീനർമാരായി ഇവർ പ്രവർത്തിക്കണം.

- സംസ്ഥാനത്തെ മുഴുവൻ അക്കാദമിക പ്രവർത്തനങ്ങളുടെയും സിരാകേന്ദ്രമായി പ്രവർത്തിക്കേണ്ട SCERT യുടെ ഫാക്കൽറ്റി ഘടനയും ചുമതലകളും പുന:ക്രമീകരിക്കേണ്ടതുണ്ട്. പരിമിത സ്വയംഭരണാധികാരത്തോടുകൂടി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ B.Ed. വരെയുള്ള അധ്യാപക വിദ്യാഭ്യാസത്തിന്റെ ചുമതല കൂടി ഏൽപ്പിക്കണം. സ്കൂൾ വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾക്കനുസരിച്ച് അധ്യാപക പരിശീലനം ചിട്ടപ്പെടുത്താൻ ഇതാവശ്യമാണ്. വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങൾക്ക് ഇന്നുള്ളതിനെക്കാൾ പ്രാധാന്യം ലഭിക്കുകയും വേണം.

- സംസ്ഥാനത്തിന്റെ അക്കാദമിക നേതൃത്വം എസ്.സി.ഇ.ആർ.ടിക്ക് ആയിരിക്കും. SIET, SIEMAT, IT@School എന്നിവ എസ്.സി.ഇ.ആർ.ടിയുടെ ഉപഘടകങ്ങളായി പ്രവർത്തിക്കണം.

- ജില്ലകളിൽ ഡയറ്റുകളായിരിക്കണം കേന്ദ്ര അക്കാദമിക സ്ഥാപനം.

- മാറിയ സാഹചര്യത്തിൽ -2 മുതൽ +2 വരെയുള്ള വിദ്യാഭ്യാസ പ്രവർത്തന ങ്ങളുടെ അക്കാദമിക നേതൃത്വം ഏറ്റെടുക്കാൻ കഴിയത്തക്ക വിധത്തിൽ ജില്ലാതല പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കണം. പ്രീ-പ്രൈമറി, ഹയർസെക്കൻഡറി എന്നിവ കൂടി മുന്നിൽക്കണ്ട് ആവശ്യമായ പുതിയ ഫാക്കൽറ്റികൾ അനുവദിക്കണം. പ്രാദേശിക പ്രസക്തമായ

കരിക്കുലം, പഠനസാമഗ്രികൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള അക്കാദമിക സ്വാതന്ത്ര്യം നൽകണം. എങ്കിൽ മാത്രമേ പ്രവർത്തനം സുഗമമായി മുന്നോട്ടു കൊണ്ടുപോകാനാവൂ. ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ടാണ് ഇത് പ്രവർത്തിക്കേണ്ടത്. SCERT യുടെ അക്കാദമിക സപ്പോർട്ട് വേണം.

- ബ്ലോക്ക് തലത്തിൽ പുതിയ സാഹചര്യത്തിനനുസരിച്ച് പുനഃക്രമീകരിച്ച ബി.ആർ.സി കളും പഞ്ചായത്ത്തലത്തിൽ സി.ആർ.സികളും പ്രവർത്തിക്കണം.

## വിദ്യാലയവും പ്രാദേശികസമൂഹവും

വിദ്യാലയത്തോടു ബന്ധപ്പെട്ട പി.ടി.എ. മാത്രമേ ഇപ്പോൾ നിയമ വിധേയമായിട്ടുള്ളു. സ്കൂൾ വികസന സമിതി, സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് ഇവ ഇപ്പോൾ സജീവമായി വരികയാണ്. അയൽപക്ക വിദ്യാലയം യാഥാർഥ്യമാകണമെങ്കിൽ ഇവയ്ക്ക് നിയമപരിരക്ഷ ലഭിക്കണം. വിദ്യാലയത്തെ തദ്ദേശഗവൺമെന്റുമായി ബന്ധിപ്പിക്കുന്ന സുപ്രധാന കണ്ണിയാണ് വാർഡ് പ്രതിനിധി ചെയർമാനായ സ്കൂൾ വികസനസമിതി. സ്കൂൾ സപ്പോർട്ടിങ് ഗ്രൂപ്പിനെ സ്കൂൾ വികസന സമിതിയെന്ന് പുനർനാമകരണം ചെയ്യുകയും വേണം.

*പഠനപ്രക്രിയയിലും (പരീക്ഷയിലും) പഠിതാക്കൾ തമ്മിൽ തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ടെന്ന് മനഃശാസ്ത്രപരമായ വിവരങ്ങൾ സൂചിപ്പിക്കുന്നു. അതിനാൽ പരീക്ഷാഹാളിലെ പേനയും കടലാസും ഉപയോഗിച്ചുള്ളതിൽ നിന്ന് വ്യത്യസ്തമായി മൂല്യനിർണയത്തിന് മറ്റനേകം രീതികൾ ആവശ്യമാണ്. വാചാപരീക്ഷയും സംഘപ്രവർത്തന മൂല്യനിർണയവും പരീക്ഷിച്ചുനോക്കാവുന്നതാണ്. തുറന്ന പുസ്തകപരീക്ഷകളും സമയപരിധിയില്ലാത്ത പരീക്ഷകളും രാജ്യത്തെമ്പാടും പൈലറ്റ് പ്രോജക്ടുകളായി ചെയ്തുനോക്കേണ്ടതാണ്. ഈ പുതിയ പരീക്ഷണങ്ങൾക്ക് മറ്റൊരു മെച്ചംകൂടിയുണ്ട്. പരീക്ഷയുടെ ശ്രദ്ധാകേന്ദ്രം ഓർമശക്തി പരിശോധിക്കുന്നതിൽനിന്ന് കൂടുതൽ ഉയർന്ന തരത്തിലുള്ള ശേഷികളിലേക്ക് - വിശദീകരണം, വിശ്ലേഷണം, പ്രശ്നനിർദ്ധാരണം മുതലായ ശേഷികളിലേക്ക് തിരിയുന്നതാണ്. പരമ്പരാഗത പരീക്ഷകളെപ്പോലും ഈ ദിശയിലേക്ക് നീങ്ങാൻ പ്രേരിപ്പിക്കാം. ചോദ്യകടലാസുകൾ അതിനുപറ്റിയതരത്തിൽ ഉണ്ടാക്കുക; അവശ്യംവേണ്ട, സാധാരണങ്ങളായ, വിവരങ്ങൾ (ആവർത്തനപ്പട്ടിക, ത്രികോണമിതിയിലെ ഫോർമുലകൾ, മാപ്പുകൾ, ചരിത്രത്തിലെ തീയതികൾ ഇത്യാദി) വിദ്യാർഥികൾക്കു നൽകുക.*

*പഠിതാക്കളുടെ പ്രകൃതത്തിൽ വ്യത്യാസമുണ്ട്. ബോധന നിലവാരം അതിലേറെ വ്യത്യസ്തമായിരിക്കും. അങ്ങനെയിരിക്കെ വിദ്യാഭ്യാസത്തിന്റെ അടുത്ത ഘട്ടത്തലിലേക്ക് പ്രവശിക്കാൻ എല്ലാ പഠിതാക്കൾളും എല്ലാവിഷയങ്ങളിലും ഒരേ നിലവാരം കൈവരിക്കണമെന്ന് നിർബന്ധിക്കുന്നത് ന്യായമല്ല. ഇന്ത്യയിലെ ഗ്രാമ-നഗര വ്യത്യാസത്തിന്റെ പശ്ചാത്തലത്തിൽ ഈ ശാഠ്യം പിന്തിരിപ്പൻ കൂടിയായിത്തീരുന്നു. ഗ്രാമീണ സ്കൂളുകളിലെ ഉയർന്ന പരാജയ ശതമാനത്തിനും കൊഴിഞ്ഞുപോക്കിനും കാരണം രണ്ടു വിഷയങ്ങൾ, ഗണിതവും ഇംഗ്ലീഷുമാണെന്നതിന് വേണ്ടുവോളം തെളിവുണ്ട്. ഈ വിഷയങ്ങൾക്ക് രണ്ടോ മൂന്നോ തലങ്ങളിലായി പരീക്ഷനടത്തുന്നതിനെപ്പറ്റി ബോർഡുകൾ ആലോചിക്കേണ്ടതാണ്.*

*NCF - 2005*

## വിദ്യാർഥികളും ജനാധിപത്യ പരിശീലനവും

വിദ്യാർഥികളുടെ ജനാധിപത്യ വേദികൾ പൊതുവെ സ്കൂളുകളിൽ ദുർബലമാണ്. പ്രൈമറി സ്കൂളുകളിൽ ബാലസഭ എന്ന പേരിലും, ഹൈസ്കൂളുകളിലും, ഹയർ സെക്കൻഡറി സ്കൂളുകളിലും സ്കൂൾ പാർലമെന്റ് എന്ന പേരിലും ഇവ സജീവമായി പ്രവർത്തിക്കാൻ അവസരം ഒരുക്കണം. സ്കൂൾ പ്രവർത്തനങ്ങളുടെ മോണിറ്ററിങ്ങിൽ പാർലമെന്റ് പ്രവർത്തനം കൂടി പരിശോധിക്കപ്പെടാവുന്നതാണ്. ഒരു ക്ലാസ്/ സ്കൂൾ ലീഡറെ കേന്ദ്രീകരിച്ചായിരിക്കരുത് ഇത്തരം സംവിധാനങ്ങൾ. സംഘനേതൃത്വത്തെ അംഗീകരിക്കുന്ന വിധത്തിൽ ക്ലാസ് മന്ത്രിസഭ രൂപീകരിക്കുന്ന രീതി അഭികാമ്യമായിരിക്കണം.

### ഉച്ചഭക്ഷണം.

വിദ്യാലയ ഉച്ചഭക്ഷണ പരിപാടി സെക്കൻഡറി ഘട്ടത്തിലേക്കുകൂടി വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നുവരുന്നു. ആവശ്യമായ എല്ലാ കുട്ടികൾക്കും ഭക്ഷണം ലഭിക്കണം. കൂടുതൽ പോഷകസമൃദ്ധവും വൈവിധ്യമുള്ളതുമായ ഭക്ഷണം നല്കേണ്ടതുണ്ട്. എല്ലാ കുട്ടികൾക്കും ഒരുമിച്ചിരുന്നു കഴിക്കാൻ കഴിയുന്ന തരത്തിലുള്ള ഡൈനിങ് ഹാളുകളും ഉണ്ടാകേണ്ടതാവ ശ്യമാണ്. വിദ്യാലയത്തിൽനിന്നു തന്നെ അധ്യാപകരും വിദ്യാർഥികളും ഒരുമിച്ചിരുന്ന് ഭക്ഷി ക്കുകയും പണം നൽകാൻ കഴിയുന്നവർ അതു നൽകുകയും ചെയ്യുന്ന രീതിയും ആലോചി ക്കാവുന്നതാണ്.

### മേളകൾ

സെക്കൻഡറി, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി, ടെക്നിക്കൽ സ്കൂൾ എന്നീ മേഖലകളിലെ വിവിധതരം മേളകളുടെ ആധിക്യം ഒഴിവാക്കേണ്ടതുണ്ട്. ഇതിനു പകരം എല്ലാ വിഭാഗങ്ങളുടെയും മേളകൾ സംയോജിപ്പിച്ച് നടത്താവുന്നതാണ്. മാത്രമല്ല, എൽ. പി. വിഭാഗം പഞ്ചായത്തുതലത്തിലും അപ്പർ പ്രൈമറി വിഭാഗത്തിന്റെ മത്സരങ്ങൾ ബ്ലോക്ക് തലത്തിലും മറ്റുള്ളവ റവന്യൂ ജില്ലാ തലത്തിലുമായി അവസാനിപ്പിക്കുകയും ചെയ്യാം. ഇത് അവധിക്കാലത്തായിരിക്കണം നടത്തേണ്ടത്. കലാ-കായികപ്രവൃത്തി പരിചയം, ശാസ്ത്രം, സാമൂഹികശാസ്ത്രം, സാഹിത്യം തുടങ്ങിയവ പാഠ്യപദ്ധതിയുടെ ഭാഗമാണ്. അതിനാൽ പഠ നവുമായി ബന്ധപ്പെട്ടാണ് മേളകൾ നടത്തേണ്ടത്. മത്സരവേദികളായി ഇവ മാറുന്നത് ആരോ ഗ്യകരമല്ല. പരിശീലനത്തിനും പങ്കുവയ്ക്കലിനുമാണ് പ്രാധാന്യം നൽകേണ്ടത്.

### പരീക്ഷകൾ

മാറിയ പാഠ്യപദ്ധതിക്കനുസരിച്ചുള്ള പരീക്ഷനടത്തിപ്പ് സംവിധാനങ്ങൾ ഇനിയും ഉണ്ടായിട്ടില്ല. സംസ്ഥാനതലം മുതൽ പ്രാദേശികതലം വരെ പ്രദേശികമായി രൂപപ്പെടുത്തിയ മൂല്യനിർണയോപാധികളാണ് ഉപയോഗപ്പെടുത്തേണ്ടത്. ജില്ലാതലം വരെ അതിനു ചുമതലക്കാരുണ്ടാവണം. കുട്ടികൾക്ക് ഫീഡ്ബാക്ക് ലഭിക്കുംവിധം സങ്കീർണമല്ലാത്ത രേഖ പ്പെടുത്തൽരീതിയും നടപ്പിലാക്കണം. ജനങ്ങൾക്ക് പുതിയ മൂല്യനിർണയ രീതിയെ സംബന്ധിച്ച് അവബോധം ഉണ്ടാകുന്നതിനുള്ള പ്രവർത്തനങ്ങളും സമാന്തരമായി നടത്തണം. രക്ഷാകർത്തൃ വിദ്യാഭ്യാസം ഒരു സ്ഥിരംസംവിധാനമാകണം. ഇന്ന് വിവിധ ബോർഡുകൾ നടത്തുന്ന പൊതു പരീക്ഷകൾ ഒരു ഏകീകൃതബോർഡിന്റെ ചുമതലയിലേക്ക് കൊണ്ടുവരണം. ഈ ബോർഡിനു കീഴിൽ എല്ലാവിഷയങ്ങളുടെയും ഫാക്കൽറ്റികൾ ഉണ്ടാകേണ്ടതാണ്. നിരന്തരമൂല്യനിർണയ ത്തിന് ഊന്നൽ നൽകുന്ന സംവിധാനത്തിൽ ഒന്നോ രണ്ടോ പൊതുപരീക്ഷകൾക്കേ സാധ്യത യുള്ളു. (X, XII) ഓരോ ടേമിലും പൊതുപരീക്ഷകൾ നടത്തുന്ന രീതി അഭികാമ്യമല്ല.

### മോണിറ്ററിങ്

ദിശാഗതി നിയന്ത്രണമാണ് യഥാർത്ഥ മോണിറ്ററിങ്. പദ്ധതി നിർവഹണത്തിന്റെ ആരംഭഘട്ടം മുതൽ അവസാനഘട്ടം വരെ തുടരേണ്ട ഒരു പ്രക്രിയയാണ് മോണിറ്ററിങ്. സ്കൂൾതല മോണിറ്ററിങ് ചുമതല ഹെഡ്മാസ്റ്ററിൽ നിക്ഷിപ്തമാണ്. ഹെഡ്മാസ്ററർമാരെ ക്ലാസ് ചാർജിൽ നിന്ന് ഒഴിവാക്കികൊണ്ടുമാത്രമേ താഴെത്തട്ടിലുള്ള മോണിറ്ററിങ് ശക്തിപ്പെടു ത്താൻ കഴിയൂ. സി.ആർ.സി.കൾ, പഞ്ചായത്ത് വിദ്യാഭ്യാസ ആഫീസർ, ബി.ആർ.സി.കൾ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥന്മാർ, പഞ്ചായത്ത് ചുമതലക്കാർ എ.ഇ.ഒ മാർ, ഡി.ഇ.ഒ മാർ, ഡയറ്റ്

ഫാക്കൽറ്റിയംഗങ്ങൾ, ഡി.ഡി.ഇമാർ ഇവരെല്ലാം അതതു ഘട്ടങ്ങളിൽ മോണിറ്ററിങ് നടത്തേണ്ടതാണ്. പ്രതിമാസം മോണിറ്ററിംഗ് റിപ്പോർട്ടുകൾ അതത് തലങ്ങളിൽ വിശകലനം ചെയ്യണം. അധ്യാപക സൗഹൃദപരമായിരിക്കണം മോണിറ്ററിങ്.

പൊതുവിദ്യാഭ്യാസം വെല്ലുവിളി നേരിടുന്നു. അൺഎയ്ഡഡ് സ്ഥാപനങ്ങളുടെ കടന്നുകയറ്റവും വ്യാപനവും അതിനു കാരണമാണ്. പണം കൊടുത്തു നേടുന്ന വിദ്യാഭ്യാസമാണ് മികച്ചത് എന്ന സാമൂഹിക കാഴ്ച്ചപ്പാടും ഇതിനു കാരണമാണ്. തെറ്റായ ധാരണകൾ തിരുത്തി സാധാരണക്കാരനു പ്രാപ്യമായ പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്പെടുത്തണം. സർക്കാർ/ എയ്ഡഡ് വിദ്യാലയങ്ങളിൽ കാര്യക്ഷമമായ വിദ്യാഭ്യാസം നടക്കുന്നു എന്ന് പൊതു സമൂഹത്തിന് ബോധ്യപ്പെടണം. എയ്ഡഡ് വിദ്യാലയങ്ങൾക്കും ആകർഷകമായ ഭൗതികസൗകര്യം ഉണ്ടാവണം. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മ പരിരക്ഷിക്കുന്നതിന് സാമ്പത്തികവും ഭരണപരവുമായ ശ്രദ്ധ അനിവാര്യമാണ്.

**സ്കൂളുകൾക്കും സ്കൂൾതല മോണിറ്ററിങ്ങിനുമുള്ള അക്കാദമിക നേതൃത്വം**

*സ്കൂളുകളിൽ അക്കാദമിക നേതൃത്വം നൽകുന്ന കാര്യത്തിൽ ഹെഡ്മാസ്റ്റർക്കുള്ള പ്രബലമായ റോൾ വേണ്ടത്ര തിരിച്ചറിയപ്പെട്ടിട്ടില്ല. സ്ഥാപനനടത്തിപ്പുകാരന്റെ റോളിലാണ് അവർ സ്കൂളിനകത്ത് കാണപ്പെടുന്നത്. ഈ റോളാകട്ടെ പലർക്കും വേണ്ടുംവിധം നിർവഹിക്കാനുമാവുന്നില്ല. സ്കൂളിന്റെ കൃത്യമായ നടത്തിപ്പ് ഉറപ്പുവരുത്താൻപോലും ചിലപ്പോൾ കഴിയുന്നില്ല. സ്കൂൾ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ എന്തെങ്കിലും തിരഞ്ഞെടുപ്പ് നടത്താനോ തീരുമാനങ്ങൾ എടുക്കാനോ ഉള്ള കഴിവോ അധികാരമോ മിക്കവർക്കും കാണാനില്ല. സ്കൂളുകൾക്ക് ആവശ്യമായ പ്രത്യേക സഹായങ്ങൾ തിരിച്ചറിയാനോ, ക്ലസ്റ്റർ-ബ്ലോക്ക് റിസോഴ്സ് പേഴ്സണർമാരുടെ സ്കൂൾ സന്ദർശനത്തിന്റെയും, പരിശീലനങ്ങളുടെ ഉള്ളടത്തിന്റെയും കാര്യത്തിൽ തങ്ങൾ, യഥാർഥത്തിൽ എന്താണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാനോ, മോണിറ്ററിങ്ങും സൂപ്പർവിഷനും നടത്താനോ പല പ്രധാനാധ്യാപകർക്കും (അധ്യാപകർക്കും) കഴിയുന്നില്ല. അവരുടെ അക്കാദമിക റോൾ മറ്റു അധ്യാപകരിൽ നിന്ന് എങ്ങനെ വിഭിന്നമാകുന്നുവെന്ന് അവർക്ക് വേർതിരിച്ചറിയാനാവുന്നില്ല. ഒരു ക്ലസ്റ്ററിനകത്ത്, ഹെഡ്മാസ്റ്റർക്കും, നിശ്ചയമായും ഹെഡ്മാസ്റ്റർമാരുടെ സമൂഹത്തിനും നിർവഹിക്കാനുള്ള റോൾ ഉയർത്തിക്കാട്ടേണ്ടതുണ്ട്. ഇതിനുള്ള കഴിവുണ്ടാക്കുന്നതിലേക്ക് ശ്രദ്ധ പതിയണം. ഗുണനിലവാരം ഉയർത്തൽ, പരിസ്ഥിതിയെ സംബന്ധിച്ച് സാമൂഹ്യാവബോധം വ്യാപിപ്പിക്കൽ, ആരോഗ്യം എന്നിങ്ങനെ വർധിച്ചുവരുന്ന നിരവധി പരിപാടികളുടെ കേന്ദ്രമായി സ്കൂൾ മാറിയിട്ടുണ്ട്. തങ്ങൾ നടത്തേണ്ടതും പങ്കെടുക്കേണ്ടതുമായ പരിപാടികളിൽ ഹെഡ്മാസ്റ്റർമാർ വലയം ചെയ്യപ്പെട്ട സ്ഥിതിയുണ്ട്. അങ്ങനെ വരുമ്പോൾ അവയോരോന്നിന്റെയും ലക്ഷ്യത്തെയോ നിർവഹണരീതിയെയോ സംബന്ധിച്ച വ്യക്തത ഹെഡ്മാസ്റ്റർക്കില്ലാതാവുന്നു. പലതും പരസ്പരം കൂടിപ്പിണയുന്നു. സ്കൂൾ തല ആസൂത്രണത്തിന്റെ ഭാഗമായി, ഇത്തരം പരിപാടികളെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിൽ അവർക്ക് പങ്കാഴിത്തം ലഭിക്കണം. അവയെ എങ്ങനെ സ്കൂളിന്റെ പതിവ് പ്രവർത്തനങ്ങളുമായി ഉദ്ഗ്രഥിക്കാമെന്ന തിരിച്ചറിവും ഉണ്ടാവണം. ഇങ്ങനെ ചെയ്താൽ ഇത്തരം പരിപാടികളെ ക്ലസ്റ്റർ-ബ്ലോക്ക് തലങ്ങളിൽ സംയോജിപ്പിക്കാനുമാവും.*

*NCF - 2005*

വ്യവസ്ഥാ പുനഃസംഘടനാപരമായി ബന്ധപ്പെട്ട ഫോക്കസ് ഗ്രൂപ്പ് കണ്ടെത്തിയ വിവരങ്ങളും നിർദേശങ്ങളുമാണ് മുകളിൽ സൂചിപ്പിച്ചത്. ഇക്കാര്യങ്ങളിൽ കൂടുതൽ ചർച്ചകളും നിർദേശങ്ങളും സമാഹരിച്ചുകൊണ്ട് പാഠ്യപദ്ധതിയ്ക്കനുയോജ്യമായ പുന:സംഘാടനത്തിന് വിദ്യാഭ്യാസമേഖല സജ്ജമാവേണ്ടതുണ്ട്.

## അധ്യാപകവിദ്യാഭ്യാസം

"ചരിത്രത്തിന്റെ പ്രാരംഭം മുതലേ വിദ്യാഭ്യാസം നിരന്തരമായി വികസിക്കുകയും വൈവിധ്യം കൈവരിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഓരോ രാജ്യവും താന്താങ്ങളുടെ സവിശേഷമായ സാമൂഹികസാംസ്കാരിക സ്വത്വം ആവിഷ്ക്കരിക്കാൻ പര്യാപ്തമായതും കാലത്തിന്റെ

വെല്ലുവിളികളെ അതിജീവിക്കാൻ പോന്നതുമായ വിദ്യാഭ്യാസ സമ്പ്രദായം വളർത്തിക്കൊണ്ടു വരുന്നുണ്ട്." 1986 ലെ ദേശീയ വിദ്യാഭ്യാസനയത്തിലെ ഈ പരാമർശം സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, സാങ്കേതിക രംഗത്ത് ദൂരവ്യാപകമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അധ്യാപക വിദ്യാഭ്യാസത്തിന്റെ പരിഷ്ക്കരണത്തിനു വേണ്ടുന്ന ദിശാബോധം നൽകുന്നു. സ്കൂൾ പാഠ്യപദ്ധതിയുടെ സമഗ്ര പരിഷ്ക്കരണം നടക്കുന്ന പശ്ചാത്തലത്തിൽ ഗുണമേൻമ ഉയർത്തുന്നതിനുള്ള ശ്രമങ്ങളിലെ മുഖ്യഘടകം (ആദ്യപടി) അധ്യാപക വിദ്യാഭ്യാസത്തിന്റെ സമൂല പരിഷ്കരണമാണ്. സ്കൂൾ വിദ്യാഭ്യാസവ്യവസ്ഥയുടെ മാറിവരുന്ന ആവശ്യങ്ങളോട് സംവേദനക്ഷമമാകണം അധ്യാപക വിദ്യാഭ്യാസം. 2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് അധ്യാപകനെ സംബന്ധിച്ച് താഴെപ്പറയുന്ന പുതുസങ്കല്പം മുന്നോട്ടുവെക്കുന്നു.

- ബോധന-പഠന സന്ദർഭങ്ങളിൽ വിദ്യാർഥികൾക്ക് അധ്യാപകൻ പ്രോത്സാഹനവും പിൻബലവും നൽകുന്നവനും മനുഷ്യത്വമുള്ളവനുമായ ഒരു സഹായി ആകണം. സ്വന്തം കഴിവുകൾ കണ്ടെത്താനും തങ്ങളുടെ ശാരീരികവും ബൗദ്ധികവും ആയ സാധ്യതകൾ പരമാവധി സാക്ഷാത്ക്കരിക്കാനും ഉത്തരവാദിത്വമുള്ള പൗരനായി ജീവിക്കാനും വേണ്ട സ്വഭാവവും അഭിലഷണീയമായ സാമൂഹിക മാനുഷിക മൂല്യങ്ങളും വളർത്തിയെടുക്കാൻ കുട്ടികളെ സഹായിക്കണം.
- പാഠ്യപദ്ധതികൾ പരിഷ്ക്കരിക്കുന്നതിനും അങ്ങനെ അതിനെ മാറിവരുന്ന സാമൂഹിക ആവശ്യങ്ങൾക്കും പഠിതാക്കളുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കും പ്രസക്തമാക്കുന്നതിനും വേണ്ടി ബോധപൂർവം ശ്രമിക്കുന്നവരുടെ കൂട്ടത്തിൽ സജീവമായ ഒരംഗമാകണം.
- എങ്ങനെയാണ് കുട്ടികൾ പഠിക്കുന്നത് എന്ന് മനസ്സിലാക്കണം. പഠനപ്രക്രിയയ്ക്ക് സഹായകരമായ സാഹചര്യങ്ങൾ സൃഷ്ടിക്കാൻ അവർക്ക് കഴിയണം.
- അധ്യാപകനും വിദ്യാർഥിയും പരസ്പരം പങ്കിടുന്ന ബോധനത്തിന്റെ സന്ദർഭത്തിൽ നിർമിക്കപ്പെടുന്ന വ്യക്തിഗത അനുഭവങ്ങളായി ജ്ഞാനത്തെ കാണാൻ കഴിയണം. പാഠപുസ്തകങ്ങളുടേതായ ബാഹ്യയാഥാർഥ്യത്തിൽ നിക്ഷിപ്തമായ ഒന്നല്ല ജ്ഞാനം എന്ന് മനസ്സിലാക്കണം.
- തങ്ങൾക്ക് പണിയെടുക്കേണ്ടിവരുന്ന സാമൂഹികവും തൊഴിൽപരവും ഭരണപരവും ആയ സാഹചര്യങ്ങളോട് സംവദിക്കുന്നവരാകണം.
- വാസ്തവിക പരിസ്ഥിതികളിൽ മേൽക്കൊടുത്ത തിരിച്ചറിവുണ്ടാക്കാനും ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കാനും അനുയോജ്യമായ കഴിവുകൾ വളർത്തിയെടുക്കണം.
- ഭാഷയിൽ നല്ല പരിജ്ഞാനവും ശേഷികളും നേടണം.
- സ്വന്തം പ്രതീക്ഷകളും കാഴ്ചപ്പാടുകളും ശേഷികളും താല്പര്യങ്ങളും തിരിച്ചറിയണം.
- ഓരോ സന്ദർഭത്തിനും യോജിച്ച ഒരധ്യാപകനായിതീരുക എന്ന പ്രൊഫഷണൽ കാഴ്ചപ്പാട് ബോധപൂർവം വളർത്തിയെടുക്കണം.
- മൂല്യനിർണയത്തെ തുടർച്ചയായ ഒരു വിദ്യാഭ്യാസ പ്രക്രിയയായിക്കാണണം.
- കലാബോധനത്തിലൂടെ കുട്ടികളിൽ കലാബോധവും സൗന്ദര്യബോധവും വളർത്തിയെടുക്കാൻ കഴിവുണ്ടാകണം.
- പ്രാന്തവൽക്കരിക്കപ്പെട്ടവരും പഠനപരിമിതികളുള്ളവരും അടക്കം എല്ലാ കുട്ടികളുടെയും പഠനാവശ്യങ്ങൾ ശ്രദ്ധിക്കണം.

- കുട്ടികളുടെ വിദ്യാഭ്യാസപരവും വ്യക്തിപരവും സാമൂഹികവുമായ പലതരം ദൈനംദിന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അവരെ സഹായിക്കുന്നതിനു വേണ്ട കൗൺസിലിങ് നൈപുണികളും ശേഷികളും ആർജിക്കണം.
- ഉൽപാദനപരമായ അധ്വാനത്തെ വിവിധ വിഷയങ്ങളിൽ അറിവുനേടുന്നതിനും മൂല്യങ്ങൾ വളർത്തുന്നതിനും ബഹുവിധങ്ങളായ നൈപുണികൾ ആർജിക്കുന്നതിനും സഹായിക്കുന്ന ഒരു ബോധന മാധ്യമമായി കാണണം.
- 'അധ്യാപകൻ മാറ്റത്തിന്റെ ഏജന്റാണ്' എന്ന കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിൽ അധ്യാപകർ പ്രൊഫഷണലുകൾ ആയിരിക്കണം. അതിനായി അധ്യാപക വിദ്യാഭ്യാസത്തിന് ഒരു ഉദ്ഗ്രഥിത മാതൃക രൂപപ്പെടുത്തണം.

ഈ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് നമ്മുടെ അധ്യാപക വിദ്യാഭ്യാസ പരിപാടി സമൂലം പരിഷ്ക്കരിക്കേണ്ടതുണ്ട്. സേവനപൂർവ അധ്യാപകവിദ്യാഭ്യാസവും സേവനകാലപരിശീലനവും സമഗ്രമായി കണ്ട് നവീകരിക്കണം. അധ്യാപകന്റെ പങ്കിലാണ് കാതലായ മാറ്റം ആവശ്യമായിവരുന്നത്. 'എല്ലാ ജ്ഞാനത്തിന്റെയും ഉറവിടം അധ്യാപനമാണ്. കരിക്കുലത്തിലൂടെയും സർക്കുലറുകളിലൂടെയും നൽകപ്പെടുന്ന എല്ലാ കല്പനകളും നടപ്പാക്കുന്ന സർവാധികാരിയാണയാൾ'. ഈ അവസ്ഥയാണ് മാറുന്നത്. നാളത്തെ അധ്യാപകൻ എല്ലാ അറിവിന്റെയും കേന്ദ്രമല്ല: വിവരം ജ്ഞാനമാക്കി രൂപാന്തരപ്പെടുത്താൻ കുട്ടികൾക്ക് ഒരു പ്രചോദകനും വഴികാട്ടിയുമാണയാൾ. ബഹുവിധങ്ങളായ അനുഭവങ്ങളിലൂടെ പഠനപ്രക്രിയ ശക്തിപ്പെടുത്തുന്ന പഠിതാക്കളെ അവരുടെ വിദ്യാഭ്യാസലക്ഷ്യങ്ങൾ കൈവരിക്കാൻ തുടർച്ചയായി പ്രോത്സാഹിപ്പിച്ചുക്കൊണ്ടിരിക്കുന്ന ഒരു താങ്ങാണയാൾ. ഇതിനനുസൃതമായി അധ്യാപകവിദ്യാഭ്യാസത്തിൽ മാറ്റം വരണം.

**പ്രധാനമാറ്റങ്ങൾ**

| നിലവിലുള്ളത് | പുതിയത് |
|---|---|
| • അധ്യാപക കേന്ദ്രീതം, സ്ഥിരം | • പഠിതാകേന്ദ്രിതം, അയവുള്ളത് |
| • അധ്യാപകൻ നിർദേശിക്കുന്നു, തീരുമാനിക്കുന്നു. | • പഠിതാവിന് സ്വാതന്ത്ര്യം |
| • അധ്യാപകൻ മാർഗനിർദേശം നൽകുന്നു; മോണിറ്റർ ചെയ്യുന്നു | • അധ്യാപകൻ പഠനത്തെ സഹായിക്കുന്നു, പ്രോത്സാഹിപ്പിക്കുന്നു. |
| • പഠനം നിഷ്ക്രിയമായി സ്വീകരിക്കൽ | • സജീവപങ്കാളിത്തം |
| • ക്ലാസ്മുറികളുടെ നാലു ചുമരുകൾക്കുള്ളിലാണ് എല്ലാ പഠനവും | • കൂടുതൽ വിശാലമായ സാമൂഹിക സാഹചര്യത്തിലുള്ള പഠനം |
| • അറിവ് ദത്തമാണ്, നിയതമാണ് | • അറിവ് പരിണമിക്കുന്നു |
| • ഓരോ വിഷയത്തിന്മേൽ ആണ് ശ്രദ്ധ | • സൃഷ്ടിക്കപ്പെടുന്നു |
| • ഏകരേഖീയമായ പഠനം | • ബഹുവിഷയി ആണ്. ശ്രദ്ധ മൊത്തം വിദ്യാഭ്യാസത്തിലാണ്. |
| • ഹ്രസ്വവും വിരളവുമായ മൂല്യനിർണയം | • ബഹുമുഖവും വിവൃതവുമായ പഠനം<br>• പല തരത്തിലും തുടർച്ചയായതുമായ മൂല്യനിർണയം. |

*NCF - 2005*

## അധ്യാപകവിദ്യാഭ്യാസം: മാറ്റത്തിനുള്ള പൊതുനിർദേശം.

- അറിവുകളുടെ നിർമാതാവാണ് പഠിതാവ് എന്ന ആശയം അധ്യാപക വിദ്യാഭ്യാസത്തിൽ ഇനിയും സ്വാംശീകരിക്കപ്പെട്ടിട്ടില്ല. അറിവിന്റെ അനുസരണയുള്ള സ്വീകർത്താവ് എന്ന സ്ഥിതിയിലാണ് അധ്യാപകവിദ്യാർഥി ഇപ്പോഴും തുടരുന്നത്. എങ്ങനെ പഠിപ്പിക്കണം, കുട്ടിയുടെ പ്രകൃതം എങ്ങനെ പരിഗണിക്കണം

തുടങ്ങിയവയൊക്കെ സംബന്ധിച്ച് നെടുനീളൻ പ്രസംഗങ്ങൾ നിരന്തരം കേൾക്കാനാണ് അധ്യാപക വിദ്യാർഥിയുടെ വിധി. പരീക്ഷിച്ചും നിരീക്ഷിച്ചും പഠനബോധനശാസ്ത്രം (experimental pedagogy) ആദ്യം സാധ്യമാക്കേണ്ടത് അധ്യാപകവിദ്യാഭ്യാസത്തിലാണ്.

- സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിനു പിറകേ സഞ്ചരിക്കുന്ന ഒന്നാണ് അധ്യാപക വിദ്യാഭ്യാസ പരിഷ്ക്കരണം എന്നതാണ് ഇന്നത്തെ സ്ഥിതി. ആധുനിക പ്രവണതകളെല്ലാം വിമർശനാത്മകമായി ആദ്യം ഉൾച്ചേർക്കേണ്ട മേഖലയാകണം അധ്യാപക വിദ്യാഭ്യാസം. അധ്യാപക വിദ്യാഭ്യാസത്തിലൂടെ ആധുനിക പ്രവണതകളെ ഭാവി അധ്യാപകർക്ക് വിമർശനപരമായി പരിചയപ്പെടുത്താൻ ശ്രമിച്ചതിനുശേഷം വേണം സ്കൂളുകളിൽ അത് പ്രയോഗവൽക്കരിക്കാൻ. അധ്യാപക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഏറ്റവും ചലനാത്മക കേന്ദ്രങ്ങളായി സ്വയം മാറേണ്ടതുണ്ട്. സ്കൂൾ പാഠ്യപദ്ധതിയുമായുള്ള നാഭീനാള ബന്ധം ഉറപ്പിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ തലങ്ങളിലെ അധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതികൾ വികസിപ്പിക്കുന്നതിൽ എസ്.സി.ഇ.ആർ.ടി യുടെ പങ്കാളിത്തം ഉറപ്പാക്കണം.
- അധ്യാപക വിദ്യാർഥികൾ ഒട്ടനേകം സിദ്ധാന്തങ്ങൾ കേൾക്കുക മാത്രമേ ചെയ്യുന്നുള്ളു. ഒന്നും പ്രയോഗതലത്തിലേക്കു കൊണ്ടുവരേണ്ട സാഹചര്യമില്ല. ബോധനശാസ്ത്രത്തിൽ പുതിയ അറിവുകൾ നിർമിക്കുന്നതിനുള്ള പരീക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതായിരിക്കണം അധ്യാപക വിദ്യാഭ്യാസ പരിപാടികളിലെ ബോധനരീതി. ഇപ്രകാരം നിരന്തരം പുത്തൻ അറിവുകൾ സൃഷ്ടിക്കുകയും അതുവഴി സ്വയം നവീകരിക്കപ്പെടുകയും ചെയ്തുകൊണ്ടുമാത്രമേ ഈ രംഗത്ത് ഇനിയും ശക്തിപ്രാപിക്കാത്ത പ്രൊഫഷനലിസം വികസിപ്പിക്കാൻ കഴിയുകയുള്ളു.
- അധ്യാപകവിദ്യാഭ്യാസ പരിപാടിയിൽ ക്ലാസ്മുറികളിലെ ജനാധിപത്യം വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണ്. ഇന്റേണൽ അസസ്മെന്റ് എന്ന സങ്കേതം ഉപയോഗിച്ച് പഠിതാക്കളുടെ സർഗാത്മകതയെയും സ്വാതന്ത്ര്യത്തെയും തടയുകയും അവരെ ആജ്ഞാനുവർത്തികളാക്കുകയും ചെയ്യുന്ന ദുഷ്പ്രവണതയാണ് ഇന്ന് മിക്കയിടത്തും കാണുന്നത്. തങ്ങൾ കടന്നുപോകുന്ന വിദ്യാഭ്യാസ പ്രക്രിയയെത്തന്നെ വിമർശനാത്മകമായി വിലയിരുത്താനും അങ്ങനെ അവയെ മെച്ചപ്പെടുത്താനുമുള്ള അവസരങ്ങൾ അധ്യാപക വിദ്യാർഥിക്ക് ലഭ്യമാകണം. പഠിതാക്കൾക്ക് പരിശീലകരെ വിലയിരുത്താനും പ്രാക്ടീസ് ടീച്ചിങ് സമയത്ത് അധ്യാപക വിദ്യാർഥിയെ സ്കൂൾ കുട്ടികൾക്ക് വിലയിരുത്താനുമുള്ള അവസരങ്ങൾ തികച്ചും സ്വാഭാവികമായും ജനാധിപത്യപരമായും ഉൾച്ചേർക്കേണ്ടതുണ്ട്.

സുതാര്യതയും ജനാധിപത്യരീതിയും വികസിപ്പിക്കേണ്ട മറ്റൊരു പ്രധാന മേഖലയാണ് അധ്യാപക വിദ്യാഭ്യാസത്തിലെ മൂല്യനിർണയം. ആന്തരിക മൂല്യനിർണയരീതികളോടു ജനാധിപത്യപരമായി പ്രതികരിക്കുവാനും ആവശ്യമായ വിശദീകരണങ്ങൾ ലഭിക്കുവാനുമുള്ള അവകാശം അധ്യാപക വിദ്യാർഥിക്കുണ്ടാവണം. പ്രായോഗിക പരീക്ഷയ്ക്കു നിയോഗിക്കപ്പെടുന്ന പരീക്ഷാബോർഡിന് സ്ഥാപനത്തിലെ മൊത്തം പരിപാടികളെയും പരിശീലകരെയും വിലയിരുത്തുന്നതിനുള്ള അവസരം ലഭ്യമാകണം. എല്ലാ വിലയിരുത്തലുകളും സുതാര്യവും ജനാധിപത്യപരവും ആയിരിക്കണമെന്നതിന് രണ്ടുപക്ഷമില്ല. ഈ രംഗത്ത് നൂതന സങ്കേതങ്ങൾ വികസിപ്പിക്കുന്നതിന് മികച്ച സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം നൽകാവുന്നതാണ്. അധ്യാപക വിദ്യാർത്ഥികളുടെ സ്വയം വിലയിരുത്തൽ, സഹപാഠികളുടെ വിലയിരുത്തൽ, അധ്യാപക പരിശീലകന്റെ വിലയിരുത്തൽ എന്നീ ഘടകങ്ങൾ ജൈവപരമായി ഉൾച്ചേർത്തുകൊണ്ട് പുതിയ മൂല്യനിർണയരീതികൾ വികസിപ്പിക്കണം.

വിവരസാങ്കേതികവിദ്യയുടെ വിസ്മയകരമായ വളർച്ചമൂലം വിദ്യാഭ്യാസപ്രക്രിയയിൽ പൊതുവേയും അധ്യാപക വിദ്യാഭ്യാസത്തിൽ പ്രത്യേകിച്ചും അത് വളരെയേറെ പ്രസക്തമായിക്കഴിഞ്ഞു. അധ്യാപക വിദ്യാഭ്യാസത്തിൽ വിവരസാങ്കേതിക വിദ്യയുടെ ഇന്നത്തെ ഉപയോഗം ഒരുതരം അനുപൂരണ (supplementary) സ്വഭാവത്തിലുള്ളതാണ്. ഉദാഹരണത്തിന്, പുസ്തകത്തിൽ നിന്നു വായിക്കുന്നതിനുപകരം കംപ്യൂട്ടർ സ്ക്രീനിൽ നിന്നു വായിച്ചെടുക്കുക. ഇത് ഐ.ടി യുടെ ഉപയോഗം അനിവാര്യമാക്കുന്നില്ല. ഇതിനുപകരം കംപ്യൂട്ടർ ഉപയോഗം ആശ്രിത (complementary) സ്വഭാവത്തിലുള്ളതാകണം. പഠനപ്രക്രിയയുടെ ഒരു ഘട്ടമെത്തുമ്പോൾ ഐ.ടിയെ സജീവമായി ഉപയോഗിക്കാതെ മുന്നോട്ട് പോകാൻ കഴിയാത്തവിധം അന്വേഷണ പ്രക്രിയകൾ ക്രമപ്പെടുത്തണം. ഇത്തരം പ്രക്രിയകൾ വികസിപ്പിച്ചെടുക്കുവാൻ കഴിയും വിധം എല്ലാ അധ്യാപക പരിശീലകർക്കും ICT യുടെ പ്രയോഗം സംബന്ധിച്ച് ആഴത്തിലുള്ള പരിശീലനം അനിവാര്യമാണ്.

അധ്യാപക പരിശീലന പരിപാടിയിലേക്ക്  തിരഞ്ഞെടുക്കപ്പെടുന്നതിലൂടെ (കടന്നുവരുന്നതോടെ) സ്വയം പഠനത്തിന്റെയും സ്വയം നവീകരണത്തിന്റേതുമായ ഒരു പ്രൊഫഷണൽ ലോകത്തേക്ക് അധ്യാപകവിദ്യാർഥി കാലെടുത്തു വെയ്ക്കുകയാണ്. അരനൂറ്റാണ്ട് കാലത്തോളം വിജ്ഞാനമേഖലയിൽ പ്രവൃത്തിയെടുക്കാൻ തയാറാകുന്നതിന്റെ തുടക്കം. അതുകൊണ്ടുതന്നെ ഈ തിരഞ്ഞെടുപ്പ് കഴിവിന്റെയും അഭിരുചിയുടെയും അടിസ്ഥാനത്തിലാകണം. ഇന്ന് തിരഞ്ഞെടുപ്പ് കേവലം യോഗ്യതാപരീക്ഷയിലെയോ, പ്രവേശന പരീക്ഷയിലെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. എല്ലാ തലങ്ങളിലുമുള്ള അധ്യാപക വിദ്യാഭ്യാസ കോഴ്സുകളിലേക്കുള്ള തിരഞ്ഞെടുപ്പിൽ അഭിരുചിയും അഭിക്ഷമതയും അളക്കാനുള്ള ഉപാധികൾ ഉൾച്ചേർക്കണം.

ഭൂരിഭാഗം അധ്യാപകപരിശീലന പരിപാടികളുടെയും പാഠ്യപദ്ധതികൾ സമീപകാലത്ത് പരിഷ്കരിച്ചതാണെങ്കിലും മേൽപ്പറഞ്ഞ ആശയങ്ങളുടെയും ദേശീയ പാഠ്യപദ്ധതിചട്ടക്കൂടിന്റെയും പശ്ചാത്തലത്തിൽ കൂട്ടിച്ചേർക്കലുകൾ അനിവാര്യമായിരിക്കുകയാണ്. പരിശീലനകാലം അനുയോജ്യമായ വിധത്തിൽ പരിഷ്കരിക്കേണ്ടതുണ്ട്. യാന്ത്രിക പ്രവർത്തനങ്ങളും ജീവനറ്റ എഴുത്തു ജോലികളും അവസാനിപ്പിക്കേണ്ടതുമാണ്.

ഓരോ മേഖലയുമായി ബന്ധപ്പെട്ട പ്രധാന നിർദേശങ്ങൾ താഴെ കൊടുക്കുന്നു:

**നേഴ്സറി ടീച്ചേഴ്സ് ട്രെയിനിങ് കോഴ്സ്**

അടുത്തകാലത്ത് സമഗ്രമായി പരിഷ്കരിച്ചതാണ് ഉള്ളടക്കം. 2 വർഷമാണ് കാലാവധി. ഉള്ളടക്കപരമായി മികവുറ്റതാണെങ്കിലും പഠനബോധനരീതി പരമ്പരാഗതമായി തുടരുകയാണ്. അധ്യാപകപരിശീലകർക്ക് പുതിയ പാഠ്യപദ്ധതി സംബന്ധിച്ച് ലഭിച്ച പരിശീലനം അപര്യാപ്തമായിരുന്നു. ഈ രംഗത്ത് നിരവധി സ്വകാര്യ ഏജൻസികൾ ഗുണനിലവാരമില്ലാത്ത അനേകം ഹ്രസ്വകാല കോഴ്സുകൾ നടത്തുന്നുണ്ട്. അവയെല്ലാം നിർത്തലാക്കേണ്ടതാണ്. പരിസ്ഥിതി സംരക്ഷണം, സുസ്ഥിര വികസനം, സമാധാനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം, വികേന്ദ്രീകൃത വികസന കാഴ്ചപ്പാട്, കുട്ടികളുടെ അവകാശങ്ങൾ, ലിംഗസമത്വം, പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം, ആഗോളീകരണം സൃഷ്ടിക്കുന്ന സമസ്യകൾ, സാമൂഹ്യ ആരോഗ്യ പ്രശ്നങ്ങളായ ആത്മഹത്യാ പ്രവണത, പകർച്ചവ്യാധികൾ, സാമൂഹ്യ ശുചിത്വമില്ലായ്മ തുടങ്ങിയവയൊക്കെ അനുയോജ്യമായി പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കണം.

അംഗീകൃത പാഠ്യപദ്ധതി വിജയകരമായി പൂർത്തിയാക്കിയവരെ മാത്രമേ ഏതൊരു പ്രീപ്രൈമറി സ്ഥാപനത്തിലും (അങ്കൻവാടികൾ, നേഴ്സറി സ്കൂളുകൾ, പ്രീ-പ്രൈമറികൾ തുടങ്ങിയവ) അധ്യാപകരായി നിയമിക്കാവൂ. ഈ രംഗത്തുള്ള മോണിട്ടറിങ് സംവിധാനങ്ങളും പിന്തുണാ സംവിധാനങ്ങളും നിലവിൽ ദുർബലമാണ്. അവ ശക്തിപ്പെടുത്തണം. ഡയറ്റുകളിൽ NTTC ബാച്ചുകളും ലാബ് സ്കൂളുകളിൽ പ്രീ-പ്രൈമറി സംവിധാനവും തുടങ്ങുന്നതിന് മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ സഹായങ്ങൾ പ്രയോജനപ്പെടുത്തണം. ഈ മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപകരുടെ സേവനവേതനവ്യവസ്ഥ പരിഷ്ക്കരിക്കേണ്ടത് കഴിവും താല്പര്യവുമുള്ള പഠിതാക്കളെ ആകർഷിക്കുന്നതിന് അനിവാര്യമാണ്. കുട്ടികളുടെ വ്യക്തിത്വവികസനത്തിന് അടിത്തറ പാകുന്നതാണ് നേഴ്സറി വിദ്യാഭ്യാസം എന്നതുകൊണ്ട് അധ്യാപക പരിശീലന പരിപാടി കൂടുതൽ ശാസ്ത്രീയവും ഗൗരവമുള്ളതുമാക്കണം. ഈ രംഗത്തെ ടീച്ചർ എഡ്യൂക്കേറ്റർമാരെ ശൈശവവിദ്യാഭ്യാസ വിഷയങ്ങളിൽ ശാക്തീകരിക്കണം.

**ടി.ടി.സി**

SCERT രണ്ടു വർഷം മുമ്പ് പരിഷ്ക്കരിച്ച പാഠ്യപദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്. പുതിയ കരിക്കുലം നിർദേശിച്ച പ്രവർത്തനങ്ങൾ പലതും ക്ലാസ്മുറികളിൽ പ്രാവർത്തികമാക്കാൻ ടീച്ചർഎഡ്യൂക്കേറ്റർമാർക്ക് പ്രയാസങ്ങൾ നേരിടുന്നു. പ്രവർത്തനങ്ങളുടെ ആധിക്യം, സംഘപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലുള്ള പോരായ്മകൾ, ലൈബ്രറി, പഠനസാമഗ്രികൾ എന്നിവയുടെ കുറവ്, ഐ.ടി ഉപയോഗിക്കുന്നതിനുള്ള പരിശീലനക്കുറവ് എന്നിവ ബോധനരീതി മികവുറ്റതാക്കുന്നതിന് തടസ്സം നിൽക്കുന്നു. പ്രായോഗിക അധ്യാപനപരിശീലനത്തിന് ഇപ്പോൾ നീക്കിവെച്ചിരിക്കുന്ന 50 ദിവസങ്ങൾ പര്യാപ്തമാണ്. മൂല്യനിർണയരീതി ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. തുടർ മൂല്യനിർണയവുമായി ബന്ധപ്പെട്ട രേഖപ്പെടുത്തൽ കുറച്ചുകൂടി ലളിതമാക്കേണ്ടതുണ്ടെന്ന അഭിപ്രായം ശക്തമാണ്. അധ്യാപക പരിശീലകർക്ക് സമഗ്രമായ പുന:പരിശീലനം ആവശ്യമാണ്. ഭൂരിഭാഗം സ്ഥാപനങ്ങളിലും ഭൗതികസൗകര്യങ്ങൾ പരിമിതമാണ്. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടിയിരിക്കുന്നു. ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ കൂട്ടായ്മ ഉറപ്പുവരുത്തണം. ഡയറ്റുകൾക്ക് ജില്ലകളിലെ TTI കൾക്ക് അക്കാദമിക പിന്തുണ, പരിശീലനം, മൂല്യനിർണയ ഉപാധിക്കുടെ വികസനം, പ്രവർത്തന കലണ്ടറിന്റെ തയാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിയണം.

**ബി.എഡ്.**

ബി.എഡ് പ്രവേശനം ഇപ്പോൾ സംസ്ഥാനതലത്തിൽ നടക്കുന്ന മത്സരപരീക്ഷയുടെയും മെറിറ്റിന്റെയും അടിസ്ഥാനത്തിലാണ്. (യൂണിവേഴ്സിറ്റി B.Ed സെന്ററുകൾ ഒഴികെ) വിവിധ യൂണിവേഴ്സിറ്റികളിൽ വ്യത്യസ്ത പാഠ്യപദ്ധതികളും ഘടനകളും (സെമസ്റ്റർ, നോൺ സെമസ്റ്റർ) നിലനിൽക്കുന്നു. വിവിധ യൂണിവേഴ്സിറ്റികളിലെ അധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഏകീകരണം (കാലയളവ്, ഘടന, ഫീസ്, പ്രായോഗിക പരിശീലന കാലയളവ് തുടങ്ങിയവ) സാധ്യമാക്കണം. കോഴ്സിന്റെ കാലാവധി 2 വർഷമാക്കണമെന്ന NCTE നിർദേശം പൊതുവേ സ്വാഗതാർഹമാണ്. ദീർഘിപ്പിച്ച പ്രാക്ടീസ് ടീച്ചിങ്ങും ഇന്റേൺഷിപ്പും നിർദേശിക്കപ്പെടുന്നുണ്ട്. ഹയർ സെക്കൻഡറി കോഴ്സിനു ശേഷം 4 വർഷത്തെ ഉദ്ഗ്രഥിത അധ്യാപകവിദ്യാഭ്യാസ പരിപാടി എന്ന ചതോപധ്യായ കമ്മീഷൻ (1985) ശുപാർശ ഇത്തരത്തിൽ പ്രധാന്യമേറുന്നു. ഇതിന്റെ സാധ്യതാപഠനം അടിയന്തിരമായി ഏറ്റെടുക്കേണ്ടതാണ്.

ബി.എഡ് രംഗത്ത് ഇപ്പോഴത്തെ ബോധനരീതി തികച്ചും പരമ്പരാഗതവും പുതിയ സാഹചര്യത്തിൽ തികച്ചും അപര്യാപ്തവുമാണ്. അടിസ്ഥാനപരമായി വ്യവഹാരവാദം തന്നെ പിന്തു

ടരുന്നു. പുതിയ സ്കൂൾ പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊള്ളുന്നതിലും ജ്ഞാനനിർമിതി വാദം സ്വീകരിക്കുന്നതിലും വലിയ അളവിൽ പരാജയപ്പെട്ടിരിക്കുന്നു. ബോധനരീതികളിൽ ബ്രെയിൻ സ്റ്റോമിങ്, സംഘചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ, ലഘുപ്രോജക്റ്റുകൾ, ക്രിയാഗവേഷണങ്ങൾ, സഹപഠനം, സഹകരണാത്മക പഠനം, സഹവർത്തിത പഠനം, മറ്റു സ്വയംപഠന ഉപാധികൾ എന്നിവ ഉൾപ്പെടുത്തേണ്ടതുണ്ട്.

ഹയർസെക്കൻഡറി അധ്യാപക പരിശീലനം, വോക്കേഷണൽ അധ്യാപകരുടെ പരിശീലനം, സ്പെഷ്യലൈസേഷൻ ആവശ്യമായ മറ്റു മേഖലകൾ എന്നിവ കൂടി സെക്കൻഡറി അധ്യാപക പരിശീലനത്തിൽ ഉചിതമായി ഉദ്ഗ്രഥിക്കേണ്ടതുണ്ട്. ചില മേഖലകളിൽ സ്പെഷ ലൈസേഷൻ എന്ന ആശയം നടപ്പിൽ വരുത്താവുന്നതാണ്.

ഈ മേഖലയിൽ മോണിട്ടറിങ് - പിന്തുണാ സംവിധാനങ്ങൾ എന്നിവ തീർത്തും ദുർബ ലമാണ്. ഫലപ്രദമായ മോണിട്ടറിങ് സമിതികൾ വികസിപ്പിക്കണം. പി.ടി.എ തുടങ്ങിയ പിന്തു ണാസംവിധാനങ്ങൾ ശക്തവും കാര്യക്ഷമവുമാക്കണം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, ഗവേ ഷണസ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയുമായുള്ള സഹകരണത്തിന് മതിയായ പ്രാധാന്യം നല്കണം. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുടെയും സ്ഥാപനങ്ങളു ടെയും പരസ്പരസഹകരണവും കൂട്ടായ്മയും ഗുണമേന്മ വർധിപ്പിക്കുന്നതിന് അത്യന്താപേ ക്ഷിതമാണ്. ഇതിനാവശ്യമായ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനുള്ള ചുമതല സർക്കാർ എയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന മികച്ച സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്.

**എം.എഡ് കോഴ്സ്**

അധ്യാപക പരിശീലകരുടെ അടിസ്ഥാന യോഗ്യത ഇന്ന് എം.എഡ് ബിരുദമായി മാറിയി രിക്കുന്നു (NTTC ഒഴികെ) ഏതൊരു അധ്യാപക വിദ്യാഭ്യാസ പരിപാടിയുടെയും ഗുണമേന്മ നിശ്ചയിക്കുന്നത് അധ്യാപകപരിശീലകരുടെ ഗുണമാണ്. അതുകൊണ്ടുതന്നെ എം.എഡ് കോഴ്സിലേക്കുള്ള തിരഞ്ഞെടുപ്പ്, കോഴ്സിന്റെ ഉള്ളടക്കം, അധ്യാപന പരിചയം, ഗവേ ഷണസ്വഭാവം എന്നിവ വളരെ പ്രാധാന്യമർഹിക്കുന്നു.

എം.എഡ് പ്രവേശനത്തിനുള്ള യോഗ്യത നിലവിൽ ബി.എഡ് (ചിലയിടങ്ങളിൽ ബി.എഡും പി.ജിയും) ആണ്. പ്രവേശന പരീക്ഷയും നിലവിലുണ്ട്. ഉള്ളടക്കത്തിൽ കൂട്ടിച്ചേർക്കലുകൾ ആവശ്യമാണ്. മനഃശാസ്ത്രരംഗത്തും ബോധനശാസ്ത്രരംഗത്തും ഉണ്ടായിട്ടുള്ള നൂതന ധാര കൾ ഉൾച്ചേർക്കണം. ബോധനരീതി വ്യവഹാരവാദത്തിൽ അധിഷ്ഠിതമാണ് എന്ന സ്ഥിതി യിൽ മാറ്റം വരണം. ബോധനരീതിയിൽ മുതിർന്നവരുടെ ബോധന ശാസ്ത്രത്തിന്റെ (Androgogy) ഘടകങ്ങൾ ഉൾപ്പെടുത്തണം. ഗവേഷണ സ്വഭാവമുള്ള ഡെസർട്ടേഷൻ കോഴ്സിന്റെ ഭാഗമാ ണ്. NCTE, M.Ed വിദ്യാർഥികൾക്ക് സ്കൂളുകളിലും ട്രെയിനിങ് കോളജുകളിലുമായി പരിശീ ലനം/ ഇന്റേൺഷിപ്പ് നിർദേശിക്കുന്നുണ്ട്. വിദ്യാഭ്യാസ മാനേജ്മെന്റ് സംബന്ധിച്ച പരിശീല നവും അനിവാര്യമാണ്. കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി, അധ്യാപക വിദ്യാഭ്യാസ പരി പാടി എന്നിവ വിമർശനാത്മകമായി പരിശോധിക്കാനും മെച്ചപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങളും പ്രാക്ടിക്കലിന്റെ ഭാഗമായി നിർദേശിക്കാം. ഐ.ടിയുടെ പ്രായോഗിക പരിശീലനം എം. എഡ് കോഴ്സിന്റെ അവിഭാജ്യഘടകമാകണം.

**ബി.പി.എഡും എം.പി.എഡും**

കായികാധ്യാപകർക്കുള്ള പരിശീലന പദ്ധതിയാണ് ബി.പി.എഡും എം.പി.എഡും. കേര ളത്തിൽ ഇവ നല്കുന്ന സ്ഥാപനങ്ങൾ നാമമാത്രമാണ്. ആരോഗ്യകായിക വിദ്യാഭ്യാസം എല്ലാ

തലത്തിലുമുള്ള അധ്യാപക വിദ്യാഭ്യാസത്തിന്റെയും അവിഭാജ്യഘടകമാണ്. പരിശീലനം ലഭിച്ച അധ്യാപകരുടെയും അധ്യാപകപരിശീലകരുടെയും പരിമിതി നിലവിലുണ്ട്. ഈ മേഖലയിലുള്ള സ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും വിപുലനവും ശാക്തീകരണവും ആവശ്യമാണ്. പ്രായോഗിക പരിശീലനത്തിന് നിലവിലുള്ള പാഠ്യപദ്ധതി പ്രാമുഖ്യം നല്കുന്നുണ്ട്. എങ്കിലും മാറിവരുന്ന കേരളീയ സമൂഹത്തിലെ ആരോഗ്യകായിക സംസ്ക്കാരം നേരിടുന്ന പ്രശ്നങ്ങളെയും വെല്ലുവിളികളെയും അഭിസംബോധന ചെയ്യാൻ കായികവിദ്യാഭ്യാസ പരിശീലനപരിപാടി കാലോചിതമായി പരിഷ്ക്കരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യണം.

## സേവനകാല വിദ്യാഭ്യാസത്തിന്റെ നവീകരണം

കാലാനുസൃതമായ മാറ്റങ്ങൾ ക്ലാസ്മുറികളിൽ പ്രയോഗിക്കപ്പെടേണ്ടതിന്റെ സ്രോതസ്സാകേണ്ടത് അധ്യാപകർക്കു നല്കുന്ന സേവനകാല വിദ്യാഭ്യാസമാണ്. അധ്യാപനത്തിൽ നിലനിർത്തേണ്ട ഗവേഷണതൽപരത, സാങ്കേതികമികവ്, തൊഴിൽപരമായ നവീകരണം എന്നിവയ്ക്ക് മാർഗനിർദേശം നല്കേണ്ടത് സേവനകാല വിദ്യാഭ്യാസമാണ്.

സേവനകാല വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുന്നതിന് കേരളത്തിൽ വിവിധ ഏജൻസികൾ നിലവിലുണ്ട്. ഓരോ വർഷവും നിരവധി ദിനങ്ങൾ പരിശീലനത്തിനായി മാറ്റിവെയ്ക്കുന്നുമുണ്ട്. എന്നാൽ ഈ രംഗത്ത് അശാസ്ത്രീയതകളും ആശയക്കുഴപ്പങ്ങളുമാണ് നിലനിൽക്കുന്നത്. വിവിധ ഏജൻസികൾ തമ്മിൽ പരിശീലന പരിപാടികൾ ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിലും തുടർപരിപാടികൾ ആവിഷ്കരിക്കുന്നതിലും യാതൊരുവിധ ഏകോപനവും ഇന്നില്ല. സേവനകാല അധ്യാപകപരിപാടിയുടെ ഗുണനിലവാരം അളക്കാനുള്ള പ്രധാന സൂചകം അധ്യാപകരുടെ ആവശ്യത്തിനു യോജിച്ചതാണോ പരിശീലനം എന്നതാണ്. ആവശ്യകത നിശ്ചയിക്കുന്നതിന് ശാസ്ത്രീയ പഠനങ്ങൾ തുലോം കുറവാണ്.

> *'സേവനകാല പരിശീലനങ്ങൾ ഒരിക്കലും ഒരു പരിപാടിയായി അവസാനിക്കരുത്. മറിച്ച്, അത് വിജ്ഞാനത്തിലും വികസനത്തിലും മനോഭാവം, നൈപുണി, നിർവഹണം എന്നിവയിലും മാറ്റമുണ്ടാകുന്ന പ്രക്രിയയാവണം.*
>
> *NCF - 2005*

നിരവധി ദിവസം തുടർച്ചയായി പരിശീലനത്തിനായി സ്കൂളിൽ നിന്ന് അധ്യാപകർ വിട്ടുനിൽക്കുന്നത് വിദ്യാലയങ്ങളിൽ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എല്ലാ വർഷവും വേനൽ അവധിക്കാലത്ത് ഒരു ഘട്ടം പരിശീലനം നല്കാവുന്നതാണ്. നിശ്ചിതകാലസേവനം പൂർത്തിയാക്കിക്കഴിഞ്ഞാൽ ഒരു മാസം നീണ്ടു നിൽക്കുന്ന ഒരു പരിശീലനപരിപാടിയിലൂടെ എല്ലാ അധ്യാപകരും കടന്നുപോകേണ്ടതാണ്.

ദൈർഘ്യമുള്ള സേവനകാല പരിശീലനങ്ങൾ നടപ്പിലാക്കാൻ വിദൂര വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തണം. ഇത്തരം കോഴ്സുകളിൽ ചേരാനുള്ള എല്ലാവിധ പ്രോത്സാഹനവും അധ്യാപകർക്ക് നൽകണം. പരിശീലനപരിപാടികളുടെ മോണിറ്ററിങ്ങും തുടർപരിപാടികളും ഫലപ്രദമാക്കുന്നതിന് വിദൂര വിദ്യാഭ്യാസ ഉപാധികൾ ഉപയോഗപ്രദമാക്കാം.

സേവനകാല പരിശീലന പരിപാടിയിൽ നിന്ന് ടീച്ചർ എഡ്യൂക്കേറ്റർമാരും സ്ഥാപനങ്ങളും ഒറ്റപ്പെട്ടു നിൽക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളും ടീച്ചർ എഡ്യൂക്കേറ്റർമാരും സേവനകാല പരിശീലനത്തിൽ സജീവമായി പങ്കെടുക്കാനുള്ള അവസരങ്ങൾ ലഭ്യമാക്കണം.

വിവിധ ഏജൻസികളുടെ ഏകോപനത്തിലൂടെ സേവനകാല പരിശീലനത്തിന് ഒരു വാർഷിക കലണ്ടർ തയാറാക്കേണ്ടതാണ്.

പരിശീലകരുടെ തിരഞ്ഞെടുപ്പ്, പരിശീലനകാലയളവ്, മോണിറ്ററിങ്, തുടർപ്രവർത്തനങ്ങൾ എന്നിവ തുടർച്ചയായി വിലയിരുത്താനും മെച്ചപ്പെടുത്താനും കഴിയണം. പരിശീലകരുടെ ക്ലാസ്റൂം അനുഭവം ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങളും വികസിപ്പിക്കണം.

സേവനകാല വിദ്യാഭ്യാസത്തോടൊപ്പം ഉപരിയോഗ്യതകൾ നേടുന്നതിനുള്ള സൗകര്യങ്ങളും അതുമായി ബന്ധപ്പെട്ട മെച്ചപ്പെട്ട സേവനവ്യവസ്ഥകളും ഉറപ്പാക്കണം.

സേവനപൂർവ അധ്യാപക വിദ്യാഭ്യാസം ലഭിക്കാത്ത ഏതാനും അധ്യാപകർ പ്രൈമറിതലത്തിൽ ഇന്ന് സേവനരംഗത്തുണ്ട്. ഹിന്ദി, സംസ്കൃതം, ഉറുദു, അറബി എന്നീ ഭാഷാധ്യാപകരാണ് ഈ വിഭാഗത്തിലുള്ളത്. നിലവിൽ സേവനത്തിലുള്ളവർക്ക് സമഗ്രമായ സേവനകാല വിദ്യാഭ്യാസം നൽകണം. ഇപ്പോൾ ഡി.പി.ഐയുടെ കീഴിൽ മേൽഭാഷകൾക്കു നടത്തിവരുന്ന അധ്യാപകപരീക്ഷകൾക്ക് പകരം ടി.ടി.സി മാതൃകയിൽ രണ്ടുവർഷത്തെ അധ്യാപക വിദ്യാഭ്യാസകോഴ്സുകൾ നടപ്പാക്കണം. അംഗീകൃത സ്ഥാപനങ്ങളിൽ അംഗീകരിച്ചിട്ടുള്ള ശിക്ഷാവിശാരദ്, ശിക്ഷാ ശാസ്ത്രി എന്നീ കോഴ്സുകളുടെ പാഠ്യപദ്ധതി കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതിയുമായി യോജിക്കുന്നതാണെന്ന് ഉറപ്പുവരുത്തണം.

## അധ്യാപക പരിശീലകരുടെ പ്രൊഫഷണൽ വികാസം

എല്ലാ തലങ്ങളിലുമുള്ള അധ്യാപകപരിശീലകർക്ക് പ്രൊഫഷണൽ വികാസത്തിനനുയോജ്യമായ സേവനകാല വിദ്യാഭ്യാസവും പരിശീലനവും അത്യന്താപേക്ഷിതമാണ്. പുതിയ പാഠ്യപദ്ധതി നിലവിൽ വന്നതോടെ NTTC, TTC മേഖലയിൽ സമഗ്രമായ പുനഃപരിശീലനം ആവശ്യമായി വന്നിരിക്കുന്നു. സെക്കൻഡറിതലത്തിലെ അധ്യാപക പരിശീലകർക്ക് അക്കാദമിക് സ്റ്റാഫ് കോളേജ് വഴി നിർബന്ധ സേവനകാല പരിശീലനം നിർദേശിക്കുന്നുണ്ടെങ്കിലും അത് പലപ്പോഴും ആവശ്യങ്ങൾ പരിഗണിച്ചല്ല. ഈ രംഗത്ത് തുടർപഠനവും പ്രൊഫഷണൽ വികാസവും പരമാവധി പ്രോത്സാഹിപ്പിക്കണം. വിദൂര വിദ്യാഭ്യാസത്തിന്റെയും ICT യുടെയും സാധ്യതകൾ ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തണം. യഥാർഥ സ്കൂൾ ക്ലാസ് റൂം അനുഭവങ്ങൾ ആർജിക്കുന്നതിനുള്ള സംവിധാനങ്ങളും വ്യവസ്ഥകളും എല്ലാ ടീച്ചർ എഡ്യൂക്കേറ്റർമാർക്കും ലഭ്യമാകണം.

അധ്യാപക വിദ്യാഭ്യാസ രംഗത്ത് സമീപകാലത്തായി സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളുടെ ബാഹുല്യം ഉണ്ടായിട്ടുണ്ട്. ഇത് ഗുണമേന്മ, സാമൂഹ്യനീതി തുടങ്ങിയ കാര്യങ്ങളിൽ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. NCTE യുടെ അംഗീകാരം നിർബന്ധമാണെങ്കിലും അംഗീകാരം നേടിയശേഷം സ്ഥാപനങ്ങളുടെ നടത്തിപ്പിൽ കാര്യമായ നിയന്ത്രണങ്ങളൊന്നുമില്ല. അംഗീകാരം നേടുന്നതിനുതന്നെ അധ്യാപക പരിശീലകരുടെ നിയമനം, ഭൗതിക സാഹചര്യങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ പല സ്ഥാപനങ്ങളും പലതരം ചെപ്പടിവിദ്യകൾ കാണിക്കുന്നുണ്ട്. ഗുണമേന്മയെപ്പറ്റി ചർച്ച നടക്കുമ്പോൾ തന്നെ ഗുണമേന്മയുടെ കടയ്ക്കൽ കത്തിവെയ്ക്കുന്ന നിരവധി സാഹചര്യങ്ങൾ നിലനിൽക്കുന്നു. ഗുണമേന്മയെ ദോഷകരമായി ബാധിക്കുന്ന കച്ചവടതാല്പര്യങ്ങളിൽ നിന്നും ഈ മേഖലയെ പൂർണമായും വിടുതൽ ചെയ്യാനുള്ള വ്യവസ്ഥകളും സംവിധാനങ്ങളും വികസിപ്പിക്കണം. അധ്യാപകവിദ്യാർഥികളുടെ തിരഞ്ഞെടുപ്പ്, ബോധനരീതികൾ, മൂല്യനിർണയരീതികൾ, പ്രായോഗികപ്രവർത്തനങ്ങൾ തുടങ്ങി എല്ലാ

ഘടകങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും ഗുണമേന്മയെ ദോഷകരമായി ബാധിക്കുന്ന അംശങ്ങൾ ഉയർന്നുവരുന്നുണ്ട്. ഇവ കണ്ടെത്തുന്നതിനും ആവശ്യമായ പ്രതിരോധം ഉയർത്തി ഇത്തരം സമീപനങ്ങൾ അവസാനിപ്പിക്കുന്നതിനും നിരന്തരമായ പരിശ്രമമുണ്ടാകണം. സംസ്ഥാനതലത്തിൽ നടത്തുന്ന പൊതു അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം എല്ലാ വിഭാഗം അധ്യാപകവിദ്യാർഥികൾക്കും പ്രവേശനം നൽകുന്ന സംവിധാനം ഉറപ്പുവരുത്തേണ്ടതുണ്ട്.

# പാഠ്യപദ്ധതി പരിഷ്കരണത്തിന് സർക്കാർ രൂപം നൽകിയ കരിക്കുലം കോർ കമ്മിറ്റി അംഗങ്ങൾ

**G.O. (Rt.) No. 4550/06/G.Edn. Dated, Thiruvananthapuram, 18/10/2006**

**ചെയർമാൻ** : പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസവകുപ്പ്

**വൈസ് ചെയർമാൻ** : ശ്രീ. കെ.കെ. കൃഷ്ണകുമാർ, റിട്ട. അസിസ്റ്റന്റ് ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

**അംഗങ്ങൾ**

1. ഡോ. എം. എ. ഖാദർ, ഹെഡ്, കരിക്കുലം ഗ്രൂപ്പ്, എൻ.സി.ഇ.ആർ.ടി.
2. ഡോ. അനിതാ റാംപാൽ, പ്രൊഫ. ജെ.എൻ.യു., ന്യൂ ഡൽഹി
3. സി. ജയൻബാബു, മേയർ, നഗരസഭ, തിരുവനന്തപുരം
4. ശ്രീ. റ്റി.കെ. നാരായണ ദാസ്, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ, ജില്ലാ പഞ്ചായത്ത്, പാലക്കാട്
5. ശ്രീ. എം. ശിവശങ്കർ ഐ.എ.എസ്സ്., ഡി.പി.ഐ., കേരള സർക്കാർ, തിരുവനന്തപുരം
6. ഡോ. ബി. വിജയകുമാർ, സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.എ
7. പ്രൊഫ. വി. കാർത്തികേയൻ നായർ, ഡയറക്ടർ, ഹയർ സെക്കൻഡി എഡ്യൂക്കേഷൻ, കേരള
8. ശ്രീ. സജിത് വിജയരാഘവൻ, ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി, കേരള
9. ഡയറക്ടർ, സീമാറ്റ്, കേരള
10. എക്സിക്യൂട്ടിവ് ഡയറക്ടർ, ഐറ്റി@സ്കൂൾ പ്രോജക്ട്, കേരള
11. പ്രൊഫ. എം.ആർ. രാഘവ വാര്യർ, ചെയർമാൻ, എഡ്യുക്കേഷണൽ അഡ്വൈസറി ബോർഡ്, കേരള
12. ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യുക്കേഷൻ, യൂണിവേഴ്സിറ്റി ഓഫ് കേരള
13. ഡോ. കെ.എൻ. ഗണേഷ്, പ്രസിഡന്റ്, കേരള ശാസ്ത്ര സാഹിത്യ പരിഷിത്ത്
14. പ്രൊഫ. അജയകുമാർ, ഡയറക്ടർ, കമ്പ്യൂട്ടർ സെന്റർ, യൂണിവേഴ്സിറ്റി ഓഫ് കേരള
15. ശ്രീ. സി.എം. ബാലകൃഷ്ണൻ, പ്രിൻസിപ്പൽ, ഡയറ്റ്, കാസർഗോഡ്
16. ശ്രീമതി ഉഷാ കിരൺ, ഡി.ഡി.ഇ., കാസർഗോഡ്
17. ശ്രീ. എ.കെ. ചന്ദ്രൻ, ജനറൽ സെക്രട്ടറി, കെ.എസ്.ടി.എ
18. ശ്രീ. കെ. വിക്രമൻ നായർ, പ്രസിഡന്റ്, ജി.എസ്.ടി.യു
19. ശ്രീ. പി. രാധാകൃഷ്ണൻ, പ്രസിഡന്റ്, പി.എസ്.ടി.എ
20. ശ്രീ. ഹരിഹരൻ, കെ.എ.പി.റ്റി.യു
21. ശ്രീ. സിറിയക് കാവിൽ, കെ.എസ്.റ്റി.എഫ്
22. ശ്രീ. കെ.വി. ദേവദാസ്, കെ.പി.റ്റി.എ
23. ശ്രീ. ചുനക്കര ഹനീഫ്, കെ.എസ്.റ്റി.സി.
24. ശ്രീ. എൻ. ശ്രീകുമാർ, പ്രസിഡന്റ്, എ.കെ.എസ്.റ്റി.യു
25. ശ്രീ. സി.പി. ചെറിയ മുഹമ്മദ്, പ്രസിഡന്റ്, കെ.എസ്.റ്റി.യു
26. ശ്രീ. ജോൺ ഫിലിപ്പ്, എ.പി.ഒ., എസ്.എസ്.എ., കേരള

**കൺവീനർ**

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി

**ജോയിന്റ് കൺവീനർമാർ**

1. ഡോ. പി. സത്യനേശൻ, ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് കരിക്കുലം ആന്റ് ടെക്സറ്റ് ബുക്സ്, എസ്.സി.ഇ.ആർ.ടി., കേരള
2. സി. മധുസൂദനൻ, എച്ച്.എസ്.എ., ജി.എച്ച്.എസ്.എസ്., മുല്ലശേരി, തൃശൂർ